REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 21-05-2025 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- രാജ്യത്തെ നവീകരിച്ച 103 അമൃത് ഭാരത് റെയിൽവെ സ്റ്റേഷനുകൾ പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ രാജ്യത്തിന് സമർപ്പിക്കും.
- ഓപ്പറേഷൻ സിന്ദൂർ സംബന്ധിച്ച് രൂപീകരിച്ച സർവ്വകക്ഷി സംഘങ്ങളുടെ വിദേശ സന്ദർശനം ഇന്നാരംഭിക്കും.
- കോഴിക്കോട് പുതിയ സ്റ്റാന്റ് കെട്ടിടത്തിലെ തീപിടുത്തത്തിൽ ജില്ലാ കലക്ടറുടെ റിപ്പോർട്ട് ലഭിച്ച ശേഷം നടപടിയെടുക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
- വടക്കൻ കേരളത്തിൽ ഇന്നും ശക്തമായ മഴക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.
- കരിപ്പൂർ ഹജ്ജ് ക്യാമ്പ് ഇന്ന് സമാപിക്കും.

## വാർത്തകൾ വിശദമായി

**രാജ്യത്തെ നവീകരിച്ച 103 അമൃത് ഭാരത് റെയിൽവെ സ്റ്റേഷനുകൾ പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ രാജ്യത്തിന് സമർപ്പിക്കും.**

രാജസ്ഥാനിലെ ബിക്കാനീറിലാണ് ഉദ്ഘാടന ചടങ്ങ്. അമൃത് ഭാരത് സ്റ്റേഷൻ പദ്ധതിയിലൂടെ രാജ്യത്തെ 1300-ഓളം റെയിൽ സ്റ്റേഷനുകളാണ് നവീകരിക്കുന്നത്. കേരളത്തിലെ വടകര, ചിറയിൻകീഴ് സ്റ്റേഷനുകളും ഇതിൽ ഉൾപ്പെടുന്നു. വടകര സ്റ്റേഷൻ 22 കോടി രൂപ ചെലവഴിച്ചും, ചിറയിൻകീഴ് 12 കോടി രൂപ മുടക്കിയുമാണ് അത്യാധുനിക സ്റ്റേഷനുകളാക്കി മാറ്റിയത്.

✪✪✪

ഓപ്പറേഷൻ സിന്ദൂർ നടപടിയിൽ രൂപീകരിച്ച സർവ്വകക്ഷി സംഘങ്ങളുടെ വിദേശ സന്ദർശനം ഇന്നാരംഭിക്കും. മൂന്ന് സംഘങ്ങളാണ് ഇന്ന് യാത്ര തിരിക്കുന്നത്. ശിവസേന MP ശ്രീകാന്ത് ഷിൻഡെ നേതൃത്വം നൽകുന്ന സംഘം UAE, ലൈബീരിയ, കോംഗോ, സിയറ ലിയോൺ എന്നീ രാജ്യങ്ങളിലേക്ക് പോകും.

JDU നേതാവ് സഞ്ജയ് ഝായുടെ നേതൃത്വത്തിൽ മറ്റൊരു സംഘം ഇന്തൊനേഷ്യ, മലേഷ്യ, കൊറിയ, ജപ്പാൻ, സിങ്കപ്പൂർ എന്നിവിടങ്ങളിലേക്കും യാത്ര തിരിക്കും.

DMK നേതാവ് കനിമൊഴി കരുണാനിധിയുടെ നേതൃത്വത്തിൽ സ്പെയിൻ, ഗ്രീസ്, സ്ലൊവേനിയ, ലാത്വിയ, റഷ്യ എന്നിവിടങ്ങളിലേക്ക് മറ്റൊരു സംഘവും ഇതോടൊപ്പം പുറപ്പെടും.

ഏതുതരം ഭീകരവാദത്തെയും നേരിടാനും, ഭീകരപ്രവർത്തനങ്ങളോട് സന്ധിയില്ലാ നിലപാട് സ്വീകരിക്കാൻ ഇന്ത്യയെടുത്ത ഉറച്ച തീരുമാനവും, ദേശീയതലത്തിലുണ്ടായ അഭിപ്രായ സമവായവും സംഘങ്ങൾ വിദേശരാജ്യങ്ങളെ ധരിപ്പിക്കും. പാകിസ്ഥാൻ പിന്തുണയോടെ ഇന്ത്യയിലുണ്ടായ മുൻകാല ഭീകരാക്രമണങ്ങളും, അതിർത്തി കടന്ന് പാകിസ്ഥാൻ നടത്തുന്ന ഭീകരപ്രവർത്തനങ്ങളും സംഘങ്ങൾ വിശദീകരിക്കും.

✪✪✪

കോഴിക്കോട് പുതിയ സ്റ്റാന്റ് കെട്ടിടത്തിലെ തീപിടുത്തം സംബന്ധിച്ച് ജില്ലാ കലക്ടറുടെ റിപ്പോർട്ട് ലഭിച്ച ശേഷം ഫലപ്രദമായ നടപടിയെടുക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. പുതിയ കെട്ടിടങ്ങൾക്ക് ഏർപ്പെടുത്തിയ ഫയർ ഓഡിറ്റ്, പഴയ കെട്ടിടങ്ങൾക്കും ഉണ്ടാകണമെന്ന് മുഖ്യമന്ത്രി കോഴിക്കോട്ട് വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

....(വോയ്സ്).....

തിരുവനന്തപുരത്ത് ദളിത് യുവതി ബിന്ദുവിന് നേരെയുണ്ടായ പൊലീസ് നടപടി പരിശോധിക്കുകയും, അക്കാര്യം അവരെ ബോധ്യപ്പെടുത്തുകയും ചെയ്തെന്ന് അദ്ദേഹം വ്യക്തമാക്കി. അവരോട് സ്വീകരിക്കാൻ പാടില്ലാത്ത നിലപാടെടുത്ത പൊലീസ് നടപടി

ഗൗരവമായി കണ്ട്, പരിഹാരമുണ്ടാക്കാൻ നിർദേശം നൽകിയിരുന്നുവെന്ന് മുഖ്യമന്ത്രി വിശദീകരിച്ചു.

ദേശീയപാതാ വികസനത്തിൽ നല്ല പുരോഗതി ഉണ്ടായപ്പോൾ കഴിഞ്ഞ ദിവസമുണ്ടായ സംഭവങ്ങൾ നിർഭാഗ്യകരമാണെന്നും മുഖ്യമന്ത്രി പറഞ്ഞു. ഓരോ പ്രദേശത്തിന്റെയും ഭൂപ്രകൃതി അനുസരിച്ച് നിർമാണം നടത്തുന്നതിൽ എന്തെങ്കിലും വീഴ്ചയുണ്ടായോ എന്ന് ദേശീയ പാതാ അതോറിറ്റിയുമായി ചേർന്ന് പരിശോധിക്കും.

മലയോര ജനതയ്ക്ക് ലഭ്യമായ ഭൂമിയുടെ വിനിയോഗ നിയമത്തിലും ചട്ടത്തിലും ലഘൂകരണം നടത്താൻ ഗവൺമെന്റ് നടപടിയെടുത്തു വരികയാണെന്നും മുഖ്യമന്ത്രി അറിയിച്ചു. ഇതിനാവശ്യമായ നിയമഭേദഗതി പാസാക്കിയിട്ടുണ്ട്.

✪✪✪

വെള്ളിയാഴ്ച തിരുവനന്തപുരത്ത് LDF ഗവൺമെന്റിന്റെ വാർഷികാഘോഷ സമാപനറാലിയിൽ നാലാം വർഷത്തെ പ്രോഗ്രസ് റിപ്പോർട്ട് പ്രകാശനം ചെയ്യുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

വന്യജീവി പ്രശ്നത്തിൽ ഫലപ്രദമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്. ആശ സമരത്തിൽ ഇപ്പോൾ ഒത്തു തീർപ്പിനില്ലെന്നും, നേരത്തെ അതിന് ശ്രമിച്ചിരുന്നുവെന്നും അദ്ദേഹം അറിയിച്ചു.

ഗസ്റ്റ് ഹൗസിൽ നടത്തിയ വാർത്താസമ്മേളനത്തിൽ മന്ത്രിമാരായ കടന്നപ്പള്ളി രാമചന്ദ്രൻ, A.K ശശീന്ദ്രൻ, P.A മുഹമ്മദ് റിയാസ് തുടങ്ങിയവർ പങ്കെടുത്തു.

✪✪✪

കോഴിക്കോട് പുതിയ സ്റ്റാൻഡ് കെട്ടിടത്തിലെ തീപിടുത്തം സംബന്ധിച്ച് പൊലീസ്, അഗ്നിരക്ഷാ, കോർപറേഷൻ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് തുടങ്ങിയ വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും ജില്ലാ കലക്ടർ വിവരങ്ങൾ ചോദിച്ചറിഞ്ഞു. ഇതിന്റെ അടിസ്ഥാനത്തിൽ അടുത്ത ദിവസം തന്നെ ജില്ലാ കലക്ടർ ചീഫ് സെക്രട്ടറിക്ക് റിപ്പോർട്ട് നൽകും.

✪✪✪

ഇന്ന് ദേശീയ ഭീകര വിരുദ്ധ ദിനം. മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധി 1991-ൽ ശ്രീപെരുംപുത്തൂരിൽ വധിക്കപ്പെട്ടതിന്റെ ഓർമ ദിനത്തിലാണ്,

ഭീകരതയെ തടയുകയെന്ന ലക്ഷ്യവുമായി എല്ലാ വർഷവും മെയ് 21ന് ദേശീയ ഭീകര വിരുദ്ധ ദിനം ആചരിക്കുന്നത്.

✪✪✪

ഓപ്പറേഷൻ സിന്ദൂരിന്റെ വിജയം ആഘോഷിക്കുമ്പോൾ, ഇന്ത്യൻ സൈനികരുടെ ധീരതയെ അഭിവാദ്യം ചെയ്യുന്ന ആകാശവാണി പരമ്പരയിൽ ഇന്ന്, പരംവീരചക്ര ജേതാവ് മേജർ ഹോഷിയാർ സിംഗിനെ അനുസ്മരിക്കുന്നു.

.........(വോയ്സ്).........

ഹരിയാനയിലെ റോത്തക്ക് സ്വദേശിയായ മേജർ ഹോഷിയാർ സിംഗ് 1963 ജൂണിൽ മൂന്നാം ഗ്രനേഡിയർ റെജിമെന്റിൽ കമ്മീഷൻഡ് ഓഫീസറായാണ് സേവനം ആരംഭിക്കുന്നത്. 1971 ലെ ഇൻഡോ - പാക്ക് യുദ്ധകാലത്ത് ബസന്തർ നദിക്കു കുറുകെ പാലം നിർമ്മിക്കുന്ന ചുമതല ബറ്റാലിയനായിരുന്നു.

പാക് നിയന്ത്രണത്തിലുണ്ടായിരുന്ന ജർപാൽ പ്രദേശം പിടിച്ചെടുക്കാൻ സൈന്യത്തെ നിയോഗിച്ചപ്പോൾ C-കമ്പനിയുടെ കമാൻഡിങ് ഓഫീസറായിരുന്നു ഹോഷിയാർ സിംഗ്. ഈ സമയത്താണ് പാക് ഷെല്ലാക്രമണവും വെടിവെപ്പും ഉണ്ടാകുന്നത്. എന്നാൽ ഇതൊന്നും വകവെക്കാതെ സ്വന്തം സൈനിക നിരയെ പ്രചോദിപ്പിച്ച് പാക്കിസ്ഥാൻ സൈനികരുടെ ആക്രമണങ്ങളെ സധൈര്യം ചെറുത്ത് ഹോഷിയാർ സിങ്ങും സംഘവും മുന്നോട്ടു കുതിച്ച് ശത്രുവിന് കനത്ത നാശനഷ്ടങ്ങൾ ഉണ്ടാക്കി.

1971 ഡിസംബർ 17 നു ശത്രുക്കൾ പീരങ്കിപ്പടയുടെ പിന്തുണയോടെ നടത്തിയ പോരാട്ടത്തിൽ ഹോഷിയാർ സിങ്ങിന് ഗുരുതരമായി പരിക്കേറ്റു. എന്നിട്ടും അടിപതറാതെ സ്വന്തം സൈനികരുമായി ഹോഷിയാർ ശത്രുവിന്റെ ആക്രമണങ്ങളെ ധീരമായി നേരിട്ടു. അവരുടെ കമാൻഡിങ് ഓഫീസർ ഉൾപ്പെടെ 85 പേർ കൊല്ലപ്പെട്ടു. ശത്രുക്കൾ പിൻവാങ്ങി. മേജർ ഹോഷിയാർ സിംഗിന്റെ ധീരതയും കർത്തവ്യ നിർവഹണത്തിലെ അചഞ്ചല സമർപ്പണവും മാനിച്ച് രാജ്യം അദ്ദേഹത്തെ പരം വീര ചക്ര നൽകി ആദരിച്ചു. രാഷ്ട്രം മേജർ ഹോഷിയാർ സിംഗിനെ അഭിവാദ്യം ചെയ്യുന്നു.

✪✪✪

വടക്കൻ കേരളത്തിൽ ഇന്നും ശക്തമായ മഴക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. കണ്ണൂർ, കാസർകോട്

ജില്ലകളിൽ ഇന്ന് ഓറഞ്ച് അലർട്ട് നൽകി. കോഴിക്കോട്, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

അടുത്ത നാല് ദിവസത്തിനകം കാലവർഷം കേരളത്തിൽ എത്തിയേക്കും. കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിലെ മോശം കാലാവസ്ഥ കണക്കിലെടുത്ത് ശനിയാഴ്ച വരെ മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

കാസർകോട് ജില്ലയിൽ ഇന്നലെ രാവിലെ തുടങ്ങിയ ശക്തമായ മഴയിൽ നിരവധി നാശനഷ്ടങ്ങളുണ്ടായി. നിരവധി ഇടങ്ങളിൽ ദേശീയപാത തകർന്നു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി P. ജഗന്നിവാസൻ.

..........(വോയ്സ്).........................

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ നാലാം വാർഷികാഘോഷത്തിന്റെ ഭാഗമായി മുഖ്യമന്ത്രി പിണറായി വിജയൻ പങ്കെടുക്കുന്ന ജില്ലാതല യോഗം രാവിലെ മലപ്പുറം റോസ് ലോഞ്ച് കൺവൻഷൻ സെന്ററിൽ നടത്തും. വിവിധ മേഖലകളിൽ നിന്ന് തിരഞ്ഞെടുത്തവരുമായി മുഖ്യമന്ത്രി സംവദിക്കും.

✪✪✪

സബ് രജിസ്ട്രാർ ഓഫീസുകൾ സമ്പൂർണ ക്യാഷ്ലെസ് ഓഫീസുകളാക്കി മാറ്റുന്നതിന്റെ സംസ്ഥാനതല പ്രഖ്യാപനം ഇന്ന് തിരുവനന്തപുരത്ത് നടത്തും. പട്ടം സബ് രജിസ്ട്രാർ ഓഫീസിൽ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി രാവിലെ പത്തരക്ക് ചടങ്ങ് ഉദ്ഘാടനം ചെയ്യും.

✪✪✪

IPL ക്രിക്കറ്റിൽ ഡൽഹിയിൽ ഇന്നലെ രാജസ്ഥാൻ റോയൽസ്, ചെന്നൈ സൂപ്പർ കിംഗ്സിനെ ആറ് വിക്കറ്റിന് പരാജയപ്പെടുത്തി.

ഇന്ന് മുംബൈ ഇന്ത്യൻസ്, ഡൽഹി ക്യാപിറ്റൽസിനെ മുംബൈ വാങ്കഡെ സ്റ്റേഡിയത്തിൽ നേരിടും. വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിനു കീഴിലെ സെൻട്രൽ ബ്യൂറോ ഓഫ് കമ്യൂണിക്കേഷൻ, കേരള- ലക്ഷദ്വീപ് മേഖലയിൽ ഗവൺമെന്റിന്റെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് ഏജൻസികളിൽ നിന്ന് ടെൻഡർ ക്ഷണിച്ചു. ഒരു വർഷത്തേക്ക് ബോധവത്ക്കരണ പരിപാടികളും, പ്രദർശനങ്ങളും സംഘടിപ്പിക്കാനാണ് ടെൻഡർ. ജൂൺ മൂന്നു വരെ ടെൻഡർ സ്വീകരിക്കും. www.cbcindia.gov.in എന്ന വെബ്സൈറ്റിൽ വിശദാംശങ്ങൾ ലഭ്യമാണ്.

✪✪✪

സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ കരിപ്പൂരിലെ ഹജ്ജ് ക്യാമ്പ് ഇന്ന് സമാപിക്കും. അവസാന വിമാനത്തിലെ തീർത്ഥാടകർ രാവിലെ പത്ത് മണിയോടെ ക്യാമ്പിലെത്തും. 88 പുരുഷന്മാരും 81 സ്ത്രീകളും ഉൾപ്പടെ 169 തീർത്ഥാടകരാണ് ഇന്ന് ജിദ്ദയിലേക്ക് യാത്ര തിരിക്കുന്നത്. അവസാന സംഘത്തെ സ്റ്റേറ്റ് ഹജ്ജ് ഇൻസ്പെക്ടറായി കൊണ്ടോട്ടി അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ M.അബ്ദുൽ ജബ്ബാർ അനുഗമിക്കും.

✪✪✪

കോഴിക്കോട് പുതിയ സ്റ്റാന്റിൽ കഴിഞ്ഞ ദിവസം തീപിടുത്തമുണ്ടായ കെട്ടിടത്തിൽ ഇന്നലെ രാത്രി വീണ്ടും ചെറിയ തോതിൽ പുകയുയർന്നു. രാത്രിയാണ് സംഭവം. കോഴിക്കോട് ബീച്ച് ഫയർ യൂണിറ്റ് എത്തി തീ അണച്ചു.

✪✪✪

കോഴിക്കോട് കടലിൽ ഫൈബർ വള്ളം മറിഞ്ഞ് ഒരാൾ മരിച്ചു. വെള്ളയിൽ സ്വദേശി ഹംസക്കോയയാണ് മരിച്ചത്.

✪✪✪

കണ്ണൂർ കാഞ്ഞിരക്കൊല്ലിയിൽ ബൈക്കിലെത്തി യുവാവിനെ വെട്ടിക്കൊലപ്പെടുത്തിയ സംഘത്തിനായി പൊലിസ് അന്വേഷണം ഊർജ്ജിതമാക്കി. ഇന്നലെ ഉച്ചയ്ക്കാണ് അജ്ഞാതസംഘം കാഞ്ഞിരക്കൊല്ലി മഠത്തേടത്ത് വീട്ടിൽ നിധീഷ്ബാബു എന്ന 38 കാരനെ കൊലപ്പെടുത്തിയത്. ആക്രമണം തടയാൻ ശ്രമിച്ച ഭാര്യ ശ്രുതിയെ പരിക്കുകളോടെ കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. കൊലപാതകം ആസൂത്രിതമാണെന്നാണ് പൊലിസിന്റെ പ്രാഥമിക നിഗമനം.

✪✪✪

**മുഖ്യമന്ത്രി പിണറായി വിജയന്റെ പ്രൈവറ്റ് സെക്രട്ടറിയായി CPIM സംസ്ഥാന കമ്മിറ്റി അംഗവും മുൻ MLA യുമായ A.പ്രദീപ്കുമാർ ഇന്ന് ചുമതല ഏൽക്കും. സെക്രട്ടറിയേറ്റിൽ മുഖ്യമന്ത്രിയുടെ ഓഫീസിലെത്തിയാണ് ചുമതല ഏൽക്കുന്നത്.**

✪✪✪

**പഴവർഗ്ഗ വിപണിയിലെ നിയമവിരുദ്ധ നടപടികൾ തടയാൻ പരിശോധനകൾ കർശനമാക്കുന്നതിന് ദേശീയ ഭക്ഷ്യസുരക്ഷാ നിലവാര അതോറിറ്റി സംസ്ഥാനങ്ങൾക്കും, കേന്ദ്രഭരണ പ്രദേശങ്ങൾക്കും നിർദ്ദേശം നൽകി. നിരോധിത രാസവസ്തുക്കളുപയോഗിച്ച് ഫലവർഗ്ഗങ്ങൾ പഴുപ്പിക്കുന്നതും, നിറം വരുത്തുന്നതും, അനുവദിക്കാത്ത തരം മെഴുക് പൂശുന്നതും കർശനമായി തടയണമെന്നാണ് നിർദ്ദേശം. കാൽസ്യം കാർബൈഡ് അടക്കം രാസവസ്തുക്കൾ ഫലവർഗ്ഗങ്ങൾ പഴുപ്പിക്കാൻ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് നടപടി. പഴങ്ങൾ ആരോഗ്യകരമായ തരത്തിൽ വിപണിയിലെത്തിക്കാൻ അനുവദനീയമായ രീതികൾ മാത്രം പിന്തുടരണമെന്ന് പഴവർഗ്ഗ വ്യാപാരികളോട് അതോറിറ്റി ആവശ്യപ്പെട്ടു.**

✪✪✪

---

*News Editor: വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*News Team:ഫസ്ന ഫാത്തിമ*
*DEO : ഷീബ*